## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3575 — 20.06.2018 ൽ മറുപടിക്ക്

### ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം ആരോഗ്യ മേഖലയിൽ കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ; | (എ) | ജി.ഒ.(എം.എസ്.) 58/2017/ആ.കു.വ. അനുസരിച്ച് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് കരുവേലിപ്പടിയെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരുവേലിപ്പടി മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ ഹൗസിംഗ് ബോർഡ് വഴി തയ്യാറാക്കി വരുന്നു. പ്രസ്തുത മാസ്റ്റർ പ്ലാനിൽ ഇമേജിംഗ് സെന്റർ, ഡയാലിസിസ് യൂണിറ്റ്, തീയേറ്റർ കോംപ്ലക്സ്, ലാബ് ട്രോമാകെയർ. സംവിധാനമുള്ള കാഷ്വാലിറ്റി, കാത്ത് ലാബ് എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്.<br><br>2017-2018 സാമ്പത്തിക വർഷം ഡി.എച്ച്.എസ്-ന്റെ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ വഴി ഡിജിറ്റൽ എക്സറേ സംവിധാനം ഏർപ്പെടുത്തി. ഇതു കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി 23.09.2017 ലെ ജി.ഒ.(എം.എസ്) 136/2017 ആ.കു.വ. പ്രകാരം മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ 28.06.2017 ലെ ജി.ഒ.(എം.എസ്) 101/2017/ആ.കു.വ പ്രകാരം ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് എന്നിവരുടെ ഓരോ തസ്തിക വീതം സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനായി കൊച്ചി നിയോജകമണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മറ്റൊരു ആശുപത്രിയാണ് ഫോർട്ട് കൊച്ചി താലൂക്കാശുപത്രി. ആശുപത്രിയുടെ വികസനത്തിനായി പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന തയ്യാറാക്കി വരുന്നു.<br><br>കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി ഈ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു. റോട്ടറി ക്ലബിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടുകൂടി ഒരു ഡിജിറ്റൽ എക്സ്റേ സംവിധാനം ആശുപത്രിയിൽ ഏർപ്പെടുത്തി വരുന്നു. ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 23.09.2017 ലെ ജി.ഒ.(എം.എസ്.)136/17/ആ.കു.വ പ്രകാരം സിസ് ടെക്നീഷ്യൻ-2, ദന്തൽ മെക്കാനിക്-1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ രണ്ടാം ഷിഫ്റ്റ് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ